മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2019 മേയ് 27

വാർത്താക്കുറിപ്പ്

പി.ജി. ഏകജാലകം: ക്വാട്ട റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള സ്പോർട്സ്, കൾച്ചറൽ, ഭിന്നശേഷിക്കാർക്കായുള്ള ക്വാട്ടാകളിലെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ കോളേജുമായി ബന്ധപ്പെട്ട് പ്രവേശനം ഉറപ്പു വരുത്തണം. മെയ് 29ന വൈകീട്ട് നാലിന് മുമ്പായി ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടണം. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ പ്രവേശനം ലഭിച്ചേക്കാവുന്ന കോളേജിൽ ഇന്ന് (മെയ് 28) രാവിലെ 11ന് ഹാജരാകണം.

(പി.ആർ.ഒ./39/934/2019)

യു.ജി. ഏകജാലകം: ക്വാട്ട റാങ്ക് ലിസ്റ്റ് നാളെ (മെയ് 29) പ്രസിദ്ധീകരിക്കും

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ ബിരുദ പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റ് നാളെ (മെയ് 29) പ്രസിദ്ധീകരിക്കും. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ കോളേജുമായി ബന്ധപ്പെട്ട് പ്രവേശനം ഉറപ്പു വരുത്തണം. മെയ് 31ന് വൈകീട്ട് നാലിന് മുമ്പായി ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടണം. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ പ്രവേശനം ലഭിച്ചേക്കാവുന്ന കോളേജിൽ മെയ് 30ന് രാവിലെ 11ന് ഹാജരാകണം. സ്പോർട്സ്, കൾച്ചറൽ, ഭിന്നശേഷിക്കാർക്കായുള്ള ക്വാട്ടാകളിലെ സീറ്റുകളിലേക്ക് ഇന്റർ ചെയ്ഞ്ചബിലിറ്റി ഉള്ളതിനാൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ പ്രവേശന സാധ്യത അറിയുന്നതിനായി അതത് കോളേജുകളുമായി ബന്ധപ്പെടണം.

(പി.ആർ.ഒ./39/935/2019)

പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. (2013ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷകൾ ജൂൺ 21 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/936/2019)

രണ്ടാം സെമസ്റ്റർ യു.ജി. (സി.ബി.സി.എസ്.എസ്. - 2013ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷകൾ ജൂൺ 24ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/937/2019)

ഒന്നും രണ്ടും മൂന്നും സെമസ്റ്റർ എം.ടെക് (2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ മെയ് 31ന് ആരംഭിക്കും.

(പി.ആർ.ഒ./39/938/2019)

സീപാസിലെ എട്ടാം സെമസ്റ്റർ ബി.ടെക് (2015 അഡ്മിഷൻ മുതൽ - റഗുലർ) പരീക്ഷകൾ ജൂൺ ഏഴുമുതൽ ആരംഭിക്കും. പിഴയില്ലാതെ മെയ് 28 വരെയും 500 രൂപ പിഴയോടെ 29 വരെയും 1000 രൂപ സൂപ്പർഫൈനോടെ മെയ് 30 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ പേപ്പറൊന്നിന് 50 രൂപ വീതം (സെമസ്റ്ററിന് പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. റഗുലർ വിദ്യാർഥികൾ പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് ഫീസായി 125 രൂപ പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/939/2019)

പരീക്ഷഫലം

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്സി. പ്ലാന്റ് ബയോടെക്നോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 10 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/940/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്സി. ബയോസ്റ്റാറ്റിസ്റ്റിക്സ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ ആറുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/941/2019)

സിൻഡിക്കേറ്റ് യോഗം മെയ് 31ന്

ജൂൺ ഒന്നിന് നടത്താൻ നിശ്ചയിച്ചിരുന്ന മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് യോഗം മെയ് 31ന് രാവിലെ 10.30ന് സർവകലാശാല സിൻഡിക്കേറ്റ് ഹാളിൽ നടക്കും.

(പി.ആർ.ഒ./39/942/2019)

വാർത്താക്കുറിപ്പ്

പ്രൊഫ. സാബു തോമസ് ലോകമറിയുന്ന രസതന്ത്ര ശാസ്ത്രജ്ഞൻ

മഹാത്മാ ഗാന്ധി സർവകലാശാലയുടെ വൈസ് ചാൻസലറായി നിയമിതനാവുന്നത് പോളിമർ കെമിസ്ട്രിയിലും നാനോസയൻസിലും ലോകമറിയുന്ന ശാസ്ത്രജ്ഞൻ. സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ പ്രൊഫസറായ ഡോ. സാബു തോമസ് ഇന്ത്യയിലെ മികച്ച അഞ്ചാമത്തെ പോളിമർ കെമിസ്ട്രി ശാസ്ത്രജ്ഞനാണ്. 125 പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. രാജ്യാന്തര ജേർണലുകളിൽ ആയിരത്തിലധികം പബ്ലിക്കേഷനുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് നിലവിൽ 41063 തവണ ഗവേഷണ പ്രബന്ധങ്ങളിലും മറ്റും അവലംബ വിധേയമായിട്ടുണ്ട്. ഗവേഷക മികവ് കണക്കാക്കുന്ന എച്ച്-ഇൻഡക്സ് 94 ആണ്. പ്രൊഫ. സാബു തോമസിനു കീഴിൽ 90 പേർ ഗവേഷണം പൂർത്തീകരിച്ചു.

പോളിമർ സയൻസ്, നാനോ സയൻസ്, നാനോ ടെക്നോളജി എന്നിവയിലെ മികച്ച അക്കാദമിക സംഭാവനകൾ വിലയിരുത്തി ലൊറൈൻ സർവകലാശാല പ്രൊഫ. സാബു തോമസിന് 'പ്രൊഫസർ അറ്റ് ലൊറൈൻ' പദവി നൽകിയിരുന്നു.

മിശ്രസംയുക്ത പദാർത്ഥങ്ങളുടെ മേഖലയിലെ മികച്ച സംഭാവനകൾക്ക് 2017ൽ ലൊറൈൻ സർവകലാശാലയും 2015ൽ സൗത്ത് ബ്രിട്ട്നി സർവകലാശാലയും 'ഡോക്ടർ ഹൊണോറിസ് കോസ' പദവി നൽകി ആദരിച്ചിരുന്നു. 2019ലെ സി.എൻ.ആർ. റാവു പ്രൈസ് ലക്ചർ പുരസ്കാരവും 2018ലെ മികച്ച അക്കാദമീഷ്യനുള്ള 'ടില' പുരസ്കാരവും ലഭിച്ചു. ലണ്ടൻ റോയൽ സൊസൈറ്റി ഓഫ് കെമിസ്ട്രിയുടെ ഫെല്ലോഷിപ്പും സ്ലോവേനിയ ജോസഫ് സ്റ്റീഫൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡിസ്റ്റിംഗ്വിഷ്ഡ് പ്രൊഫസർഷിപ്പും നേടിയിട്ടുണ്ട്. 2016ലെ മികച്ച അധ്യാപകനുള്ള ഡോ. എ.പി.ജെ. അബ്ദുൾകലാം അവാർഡും 2017ലെ ഇന്ത്യൻ നാനോ ബയോളജിസ്റ്റ് അവാർഡും 2017ലെ നാഷണൽ എജ്യൂക്കേഷൻ ലീഡർഷിപ്പ് അവാർഡും കരസ്ഥമാക്കിയിട്ടുണ്ട്. ലോകത്തെ മികച്ച ശാസ്ത്രജ്ഞരെ കണ്ടെത്തുന്നതിനായി റഷ്യൻ സർക്കാർ നടത്തിയ മത്സരത്തിൽ ആറാം സ്ഥാനം നേടിയിരുന്നു.

ഖരഗ്പൂർ ഐ.ഐ.ടി.യിൽ നിന്ന് ഡോക്ടറേറ്റ് നേടിയ അദ്ദേഹം 1987ലാണ് എം.ജി. സർവകലാശാലയിൽ അധ്യാപകനായെത്തിയത്. നിലവിൽ വൈസ് ചാൻസലറുടെ ചുമതല വഹിച്ചിരുന്നു. മുമ്പ് പ്രോ വൈസ് ചാൻസലറായിരുന്നു.

സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസസ് റീജണൽ ഡയറക്ടർ, എം.ജി. സർവകലാശാല സിൻഡിക്കേറ്റംഗം, ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസസ് ഡീൻ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ഇന്ത്യയിലും വിദേശത്തുമായി വിവിധ സർവകലാശാലകളിൽ എക്സ്റ്റേർണൽ പ്രൊഫസറാണ്.

ദക്ഷിണാഫ്രിക്ക, ഇറ്റലി, ക്രൊയേഷ്യ, പോളണ്ട്, സ്വീഡൻ, ഫ്രാൻസ് എന്നിവിടങ്ങളിലെ ശാസ്ത്രസാങ്കേതിക വകുപ്പുകളുമായി ചേർന്ന് സംയുക്ത ഗവേഷണ പദ്ധതികൾ അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ നടക്കുന്നുണ്ട്. ഫ്രാൻസ്, ഇസ്രയേൽ, അമേരിക്ക, സിംഗപ്പൂർ എന്നിവിടങ്ങളിലെ സർവകലാശാലകളുമായി സഹകരിച്ച് ഗവേഷണ പദ്ധതികൾ നടത്തുന്നതിന് കേന്ദ്രസർക്കാരിന്റെ 'സ്പാർക്ക്' പദ്ധതിയിലൂടെ എം.ജി.ക്ക് സഹായം ലഭ്യമാക്കുന്നതിന് മുൻകൈയെടുത്തിട്ടുണ്ട്. പോളിമർ നാനോ കോമ്പോസിറ്റ്സ്, ബ്ലെൻഡ്സ്, ഗ്രീൻ ബയോ നാനോ ടെക്നോളജി, നാനോ ബയോമെഡിക്കൽ

സയൻസ് എന്നീ മേഖലകളിൽ മികച്ച കണ്ടുപിടുത്തങ്ങൾ ഇദ്ദേഹത്തിന്റേതായിട്ടുണ്ട്. അഞ്ച് പേറ്റന്റുകൾ സ്വന്തമായുണ്ട്.

കൊച്ചിൻ ശാസ്ത്രസാങ്കേതിക സർവകലാശാലയിൽ നിന്ന് എഞ്ചിനീയറിംഗ് ബിരുദവും കാനഡ ലാവൽ യൂണിവേഴ്സിറ്റി, ബെൽജിയം കത്തോലിക്ക യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽനിന്ന് പോസ്റ്റ് ഡോക്ടറൽ റിസർച്ചും പൂർത്തീകരിച്ചു. മാന്നാനം കെ.ഇ. കോളേജിലെ പൂർവവിദ്യാർഥിയാണ്.

കോട്ടയം മെഡിക്കൽ കോളേജിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. ആനി ജോർജാണ് ഭാര്യ. ഫ്രാൻസിലെ പാവ് സർവകലാശാലയിലെ ഗവേഷക വിദ്യാർഥി മാർട്ടിൻ ജോർജ് തോമസ്, ആസാം സിൽച്ചർ മെഡിക്കൽ കോളേജിലെ മൂന്നാം വർഷ എം.ബി.ബി.എസ്. വിദ്യാർഥിനി ക്രിസ്റ്റീൻ റോസ് തോമസ് എന്നിവർ മക്കളാണ്.

ഫോട്ടോ ക്യാപ്ഷൻ

പ്രൊഫ. സാബു തോമസ്

(പി.ആർ.ഒ./39/943/2019)

PROF.SABU THOMAS APPOINTED AS THE VICE CHANCELLOR

"The search committee, comprising Prof Sushma Yadav, Vice Chancellor, Bhagat Phool Singh Mahila Vishwavidyalaya, Haryana (UGC Nominee), Prof V K Ramachandran, Vice Chairperson, Kerala State Planning Board (Senate Representative) and Tom Jose, Chief Secretary (Convenor) unanimously recommended Prof. Sabu Thomas for appointment as Vice Chancellor, the release said"

Prof. Sabu Thomas, internationally famous polymer nanoscientist has been appointed as Vice Chancellor of the Mahatma Gandhi University by the Hon' Governor of Kerala . Prof Sabu Thomas, is an outstanding scientist and leading academician from Mahatma Gandhi University. Professor Thomas joined Mahatma Gandhi University in 1987 after his Ph.D from IIT Kharagpur .He was holding the position as the Vice Chancellor in charge of Mahatma Gandhi University In the past Prof Thomas has held the position of the Pro-Vice-Chancellor of Mahatma Gandhi University, Regional Director, School of Technology and Applied Sciences, Dean of Technology and Applied Sciences, and Syndicate Member, Mahatma Gandhi University, Kottayam and Syndicate member of Cochin University of Science and Technology , Kerala, Erudite Professor in the Department of Regenerative Medicine and Translational Sciences, Calcutta School of Tropical Medicine, Kolkata for a period of one year from 2016 Adjunct Professor, AcSIR. Director, School of Chemical Sciences, Mahatma Gandhi University, Kottayam, Kerala. Director, International and Inter University Center for Nanoscience and Nanotechnology, Mahatma Gandhi University, Kottayam etc. He has completed his engineering degree from Cochin University of Science and Technology. He is an alumni of K.E College, Mannanam. He did his Post- Doctoral research from Laval University, Quebec, Canada & Katholieke University, Leuven, Belgium. Professor.

Professor Sabu Thomas has contributed constructively in the up gradation of Mahatma Gandhi University to an international level. Prof Sabu Thomas has contributed academically and, under his tremendous effort and leadership Mahatma Gandhi University could gain Chancellors award, NIRF ranking of 30 and A grade in NAAC reaccreditation . Prof. Thomas has established a state of the art laboratory in the area of Polymer Science and Nanotechnology and has received funding from UGC , AICTE , DRDO , TWAS Italy, Du Pont USA and General Cables USA. Prof. Thomas had several

international collaboration which include DST/DAAD, DST/South Africa, DST/Italy, DST/Croatia, DST/KBN Poland, India/Sweden and India/France under PICS. Very recently under the leadership of Prof. Thomas, his research group bagged 4 SPARC (Scheme for the Promotion of Academic Research Collaboration) projects to collaborate with France, Israel, USA and Singapore. Professor Thomas is well known for gathering collaborations with leading scientist around the world, which has benefitted the university as well as the research community.

His highly interdisciplinary approach to research allows him to be one among the first to develop high performance multi-component systems using biodegradable materials. The scientific contribution has each time proved to be decisive in different themes, as evidenced by the numerous papers in leading journals and books yielding an outstanding citation index 41,469 citations, with more than 1000 publications, an H Index of 94, and 125 edited books by international publishers.Dr. Thomas's ground breaking inventions in polymer science, polymer nanocomposites, polymer blends, green bio-nano-technological and nano-biomedical sciences, have made transformative differences in the development of new materials for automotive, space, housing, EMI shielding and biomedical fields. In collaboration with India's premier tyre company, Apollo Tyres, Professor Thomas's group invented new high performance barrier rubber nanocomposite membranes for inner tubes and inner liners for tyres. Professor Thomas has received a number of national and international awards which include: ***Fellowship of the Royal Society of Chemistry, London FRSC, Distinguished Professorship from Josef Stefan Institute, Slovenia, MRSI medal, Nano Tech Medal, CRSI medal, Distinguished Faculty Award, Dr. APJ Abdul Kalam Award*** *for* ***Scientific Excellence – 2016, Mahatma Gandhi University- Award for Outstanding Contribution*** *–Nov. 2016,* ***Lifetime Achievement Award of the Malaysian Polymer Group, Indian Nano Biologists award 2017*** and ***Sukumar Maithy Award*** for the best polymer researcher in the country. He is in the list of **most productive researchers in India** and holds a position of No.5. Because of the outstanding contributions to the field of Polymer Science, Prof. Thomas has been conferred ***Honoris Causa (D.Sc) by the University of South Brittany,*** Lorient, France and ***University of Lorraine, Nancy, France***. Very recently, Prof. Thomas has been awarded ***Senior Fulbright Fellowship*** to visit 20 Universities in the US and most productive faculty award in the domain Materials Sciences. Recently, he was also awarded with ***National Education Leadership Award – 2017*** **for** Excellence in Education**.** Prof Thomas also won **6th *contest of "mega-grants*"** in the grant competition of the Russian Federation ***(Ministry of Education and Science of the Russian Federation)*** designed to support research projects implemented under the supervision of the world's leading scientists. He has been honored with ***Faculty Research Award*** of India's brightest minds in the field of academic research in May 2018. Professor Thomas was awarded with ***Trila – Academician of*** The Year in June 2018 acknowledging his contribution to tyre industry. Very recently Prof. Thomas received the CNR Rao Prize lecture award 2019 and the title of Professor @ Lorraine for 3 years in Nancy, France.

Prof. Thomas has delivered over 300 Plenary/Inaugural and Invited lectures in national/international meetings over 30 countries. He has supervised 90 Ph.D thesis and his students occupy leading positions in India and abroad. I would like to mention that he actively promotes polymer and rubber sciences among young students in India and abroad.Prof Thomas could build a huge international network of researchers of high quality which has benefited the students of Mahatma Gandhi University in pursuing their research work in international laboratories. With his dynamic personality, humble behavior and leadership quality he will lead Mahatma Gandhi University to further heights.

Prof Sabu Thomas's wife Dr Anne George is an associate professor at Kottayam Medical College. His Son Martin George Thomas is a PhD student at University of Pau, Pau, France and daughter Christine Rose Thomas is a third year MBBS student at Govt. Medical College, Silchar, Assam.

എ. അരുൺ കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ